CS(M) EXAM2012

Serial No. [ ] G–DTN–M–NBMA

MALAYALAM
Paper I
(Literature)

Time Allowed : Three Hours | *Maximum Marks : 300*

INSTRUCTIONS

Candidates should attempt questions ***1*** *and* ***5*** *which are compulsory, and any* ***THREE*** *of the remaining questions selecting at least* ***ONE*** *question from each Section.*

The number of marks carried by each question is indicated at the end of the question.

Answers must be written in ***Malayalam.***

Important : Whenever a Question is being attempted, all its parts/sub-parts must be attempted contiguously. This means that before moving on to the next Question to be attempted, candidates must finish attempting all parts/sub-parts of the previous Question attempted. This is to be strictly followed.

Pages left blank in the answer-book are to be clearly struck out in ink. Any answers that follow pages left blank may not be given credit.

Optional Province · optionalprovince.com

SECTION–A

1. ഓരോ ചോദ്യത്തിനും നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരം എഴുതുക :-

   (a) എഫ്. ഡബ്ല്യൂ. എല്ലിസ് ദ്രാവിഡ ഗോത്ര പഠനത്തിനും മലയാള പഠനത്തിനും നൽകിയ സംഭാവന വിലയിരുത്തുക.

   (b) ആട്ടക്കഥയിലെ ശ്ലോകവും പദവും തമ്മിലുള്ള വ്യത്യാസം എന്ത് ?

   (c) ഗുണ്ടർട്ടു നിഘണ്ടുവിന്റെ സവിശേഷതകൾ എന്തെല്ലാം?

   (d) ഔപചാരിക വ്യവഹാരത്തിൽ മലയാളം വേണ്ടതിലേറെ വക്രമായിപ്പോകുന്നുണ്ടോ ?

   (e) പരസ്യങ്ങളിലെ മലയാളത്തിന്റെ പുതുമ എന്ത് ?

$12 \times 5 = 60$

2. ഓരോ ചോദ്യത്തിനും ഇരുനൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരം എഴുതുക :-

   (a) പുരുഷഭേദ നിരാസം എന്ത് ? എങ്ങനെ ?

   (b) എഴുത്തച്ഛന്റെ 'ഭാഷാക്രമം' വിവരിക്കുക.

   (c) നാടോടി സാഹിത്യത്തിലെ പ്രധാനപ്പെട്ട പ്രസ്ഥാനങ്ങൾ ഏവ ? സോദാഹരണം പരിചയപ്പെടുത്തുക.

$20 \times 3 = 60$

3. ഓരോ ചോദ്യത്തിനും ഇരുനൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരം എഴുതുക :-

   (a) അറബിയിൽനിന്നു മലയാളം കടംകൊണ്ട അഞ്ചു വാക്കുകൾ പരിചയപ്പെടുത്തുക.

(Contd.)

Optional Province · optionalprovince.com

(b) കേരളീയ സന്ദേശകാവ്യങ്ങളുടെ സവിശേഷത എന്ത് ?

(c) ഇന്റർനെറ്റും മൊബൈൽ ഫോണും മലയാള ഭാഷയെ മാറ്റിമറിക്കുന്നുണ്ടോ ? 20×3=60

4. ഓരോ ചോദ്യത്തിനും നാനൂറു വാക്കിൽ കവിയാതെ ഉത്തരം എഴുതുക :-

(a) പാട്ടും മണിപ്രവാളവും ഭാഷാ പ്രസ്ഥാനങ്ങളോ സാഹിത്യ പ്രസ്ഥാനങ്ങളോ ?

(b) പാശ്ചാത്യ സമ്പർക്കത്തിനു മുമ്പുതന്നെ മലയാളത്തിൽ കാര്യശേഷിയുള്ള ഗദ്യം വികസിച്ചിരുന്നു എന്നു അവകാശപ്പെടാമോ ? എന്തുകൊണ്ട് ? 30×2=60

SECTION–B

5. ഓരോ ചോദ്യത്തിനും നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരം എഴുതുക :-

(a) പ്രാചീനമണിപ്രവാള ചമ്പുക്കളിലെ അങ്ങാടി വർണ്ണനകളുടെ പ്രാധാന്യം എന്ത് ?

(b) പാവങ്ങളുടെ വിവർത്തനം മലയാള സാഹിത്യത്തിലുണ്ടാക്കിയ ചലനങ്ങൾ വിലയിരുത്തുക.

(c) സ്ത്രീകളുടെ ആത്മകഥകൾ മലയാളിയുടെ സാഹിത്യസങ്കല്പത്തെ നവീകരിച്ചോ ?

(d) പുരാണ പുനരാഖ്യാനശൈലി പരിഗണിച്ചു കുഞ്ചൻ നമ്പ്യാരെ സംസ്കാര ദൂഷകൻ എന്നു വിളിച്ചതു ന്യായീകരിക്കാമോ ?

(e) എം.പി. പോളിന്റെ നിരൂപണ ശൈലിയുടെ പ്രത്യേകതകൾ എന്തെല്ലാം ? 12×5=60

Optional Province · optionalprovince.com

6. ഓരോ ചോദ്യത്തിനും ഇരുനൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരം എഴുതുക :-

(a) മലയാളത്തിലെ നാടോടിപ്പാട്ടുകളുടെ സാഹിത്യ സവിശേഷതകൾ എന്തെല്ലാം ?

(b) ചലച്ചിത്ര ഗാനങ്ങളെ സാഹിത്യ ചരിത്രത്തിൽ പരിഗണിക്കേണ്ടതുണ്ടോ ?

(c) മലയാളത്തിലെ കാല്പനിക വിരുദ്ധതയ്ക്കു എൻ.വി. കൃഷ്ണ വാരിയരുടെയും ആനന്ദിന്റെയും കൃതികൾ ഉദാഹരിക്കാമോ ? 20×3=60

7. ഓരോ ചോദ്യത്തിനും ഇരുനൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരം എഴുതുക :-

(a) മഹാകാവ്യശാഖയിൽ ഉമാകേരളത്തിനുള്ള പദവി എന്ത് ?

(b) ജ്ഞാനപ്പാനയുടെ സാഹിത്യ മേന്മകൾ എന്തെല്ലാം ?

(c) സി.ജെ. തോമസിന്റെയും സി.എൻ. ശ്രീകണ്ഠൻ നായരുടെയും നാടകങ്ങൾ താരതമ്യബുദ്ധ്യാ വിലയിരുത്തുക. 20×3=60

8. ഓരോ ചോദ്യത്തിനും നാനൂറു വാക്കിൽ കവിയാതെ ഉത്തരം എഴുതുക :-

(a) കേരള സാഹിത്യ ചരിത്രത്തിന്റെ പേരും ഉള്ളടക്കവും പരിശോധിക്കുക.

(b) മലയാള കഥാസാഹിത്യത്തിന്റെ വളർച്ചയിൽ മാധവിക്കുട്ടിയും സാറാ ജോസഫും നൽകിയ സംഭാവനകൾ വിലയിരുത്തുക. 30×2=60

Optional Province · optionalprovince.com